**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1810** **10.03.2020-ൽ മറുപടിയ്ക്ക്**

## ആൽബെന്റസോൾ ഗുളികകൾ

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**

**എ)** സംസ്ഥാനത്ത് വിരവിമുക്തി ദിനത്തിൽ എല്ലാ സ്കൂളുകളിലെയും കുട്ടികൾക്ക് ആൽബെന്റസോൾ ഗുളികകൾ വിതരണം ചെയ്യാറുണ്ടോ; എന്ന് മുതലാണ് ഈ പദ്ധതി നിലവിലുള്ളത്; വ്യക്തമാക്കാമോ;

**ബി)** ഇതിനായുള്ള ആൽബെന്റസോൾ ഗുളികകൾ എവിടെ നിന്നാണ് ലഭ്യമാക്കുന്നത്; ഇതിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടാറുണ്ടോ; വിശദമാക്കാമോ;

**സി)** ഇക്കഴിഞ്ഞ വിരവിമുക്തി ദിനത്തിൽ ഇപ്രകാരം വിതരണം ചെയ്ത ഗുളികകളിൽ ചിലത് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് പരിശോധിച്ച് കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനത്ത് വിരവിമുക്തി ദിനത്തിൽ 1 മുതൽ 19 വയസ്സ് വരെയുള്ള കുട്ടികൾക്ക് ആൽബന്റസോൾ ഗുളികകൾ നൽകുന്നു. സ്കൂളുകൾ, അംഗൻവാടികൾ എന്നിവ വഴിയാണ് ആൽബന്റസോൾ ഗുളികകൾ നൽകുന്നത്. 2015 മുതലാണ് ദേശീയ വിരവിമുക്തി ദിനം നടത്തി വരുന്നത്.

**ബി)** സംസ്ഥാനത്ത് വിരവിമുക്തി ദിനത്തിൽ വിതരണം ചെയ്യാനുള്ള ആൽബന്റസോൾ ഗുളികകൾ കേരള സർക്കാരിന്റെ പൊതുമേഖല മരുന്ന് നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നുമാണ് ലഭ്യമാക്കിയിരിക്കുന്നത്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ-ഹൗസ് (In House) ലാബുകളിൽ പരിശോധിച്ച റിപ്പോർട്ടും എൻ.എ.ബി.എൽ(National Accreditation Board For Testing And Calibration Laboratories) അംഗീകൃത ലാബിൽ നിന്നുമുള്ള റിപ്പോർട്ടും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണാനുമതി നൽകിയത്.

**സി)** വിരവിമുക്തി ദിനത്തിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് എത്തിച്ച ആൽബെന്റസോൾ ഗുളികകൾക്ക് നിറവ്യത്യാസം കാണപ്പെട്ടതായി പരാതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി മരുന്നിന്റെ രണ്ടു ബാച്ചുകളുടെ ഉപയോഗം ഓൺലൈൻ സോഫ്റ്റ്വെയർ പ്രകാരം സംസ്ഥാന വ്യാപകമായി മരവിപ്പിക്കുകയും

(Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽ നിന്നും ടി മരുന്നിന്റെ സാമ്പിളുകൾ ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ചിട്ടുമുണ്ട്. പരിശോധനാഫലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

**സെക്ഷൻ ഓഫീസർ**